**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2144** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഹിമോഫീലിയ ബാധിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ജില്ലയിൽ ആകെ എത്ര ഹീമോഫീലിയ ബാധിതരാണുള്ളതെന്ന് അറിയിക്കുമോ ; ഇവർക്കാവശ്യമായ ചികിത്സ ജില്ലയിൽ ലഭ്യമാണോ; വിശദമാക്കാമോ; | (എ) | ആശാധാര പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത 73 ഹീമോഫീലിയ ബാധിതർ കാസർഗോഡ് ജില്ലയിൽ നിലവിലുണ്ട്. ആശാധാര പദ്ധതി വഴി Factor VIII, Factor VII, Febia, Factor IX, Immunate, Novoeight, Emicizumap എന്നീ മരുന്നുകൾ ലഭ്യമാണ്. |
| (ബി) | പ്രസ്തുത രോഗബാധിതർക്ക് സ്ഥിരമായി ഉപയോഗിക്കേണ്ട ജീവൻരക്ഷാ മരുന്നുകൾ ഏതൊക്കെയാണെന്നും അവ ജില്ലയിൽ എല്ലായിടത്തും നിലവിൽ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത മരുന്നുകൾ ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ; | (ബി) | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാസർഗോഡ്, താലൂക്ക് ആശുപത്രി മംഗൽപാടി, താലൂക്ക് ആശുപത്രി നീലേശ്വരം, താലൂക്ക് ആശുപത്രി തൃക്കരിപ്പൂർ എന്നീ സ്ഥാപനങ്ങളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാണ്. നിലവിൽ Factor VIII, DDCC ആയി പ്രവർത്തിക്കുന്ന കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്. |
| (സി) | ലോവർ സ്ട്രെങ്ത് മരുന്നുകൾ (250,500 യൂണിറ്റുകൾ) ജില്ലയിൽ നിലവിൽ ലഭ്യമാണോ; വ്യക്തമാക്കുമോ ; | (സി) | ജില്ലയിൽ 500 IU ലഭ്യമാണ്. നിലവിൽ 250 II ലഭ്യമല്ല. |
| (ഡി) | ജില്ലയിൽ ഇടയ്ക്കിടെ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ഡി) | നിലവിൽ ജില്ലയിൽ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നില്ല. |
| (ഇ) | ജില്ലാ ആശുപത്രിയിൽ ഹിമോഫീലിയ ബാധിതർക്കായി പ്രത്യേക വാർഡ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഹീമോഫീലിയ ബാധിതർക്കായി 2 ബെഡുകൾ മാറ്റിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ